## കത്തുകൾ

# ഖതമുന്നുബുവ്വത്
# ഹാറൂൻ യഹ്‌യായുടെ വിശദീകരണം

**ഹാറൂൻ** യഹ്‌യായെകുറിച്ച് *പ്രബോധനം* വാരികയിൽ വന്ന ആരോപണം (ലക്കം 45) ഗൗരവമുള്ളതാണ്. കാരണം, മുഹമ്മദ് നബി അന്ത്യപ്രവാചകനാണെന്ന യാഥാർഥ്യം നിഷേധിക്കുന്നത് മുസ്‌ലിം സമൂഹത്തിൽനിന്ന് തന്നെ പുറത്തുപോവാൻ കാരണമാകുന്നതാണ്. മഹ്ദിയുടെ ആഗമനം മറ്റു ചില മുസ്‌ലിം പണ്ഡിതന്മാർ വാദിക്കുന്നതു പോലെ അദ്ദേഹവും ശക്തിയായി വാദിക്കുന്നുണ്ടെന്നത് ശരിയാണ്. എന്നാൽ പ്രവാചകത്വ പരിസമാപ്തിയെ തന്നെ ഹാറൂൻ യഹ്‌യ നിഷേധിക്കുന്നുണ്ടോ? *പ്രബോധന*ത്തിൽ വന്ന പരാമർശങ്ങളെ കുറിച്ച് ഹാറുൻ യഹ്‌യയോട് ഇമെയിലിൽ സംശയമുന്നയിച്ചപ്പോൾ ലഭിച്ച മറുപടിയാണ് താഴെ:

''ആ സന്ദേശം വലിയ ആശ്ചര്യമാണ് എന്നിൽ സൃഷ്ടിച്ചത്. തീർച്ചയായും അതിൽ ധാരണപ്പിശകുകൾ സംഭവിച്ചിട്ടുണ്ട്. വസ്തുത ഇതാണ്. മുഹമ്മദ് നബി(സ) അന്ത്യപ്രവാചകൻ തന്നെയാണ്. ഇക്കാര്യം വിശുദ്ധ ഖുർആനിലൂടെ (*അൽഅഹ്സാബ്* 40) അല്ലാഹു നമ്മെ അറിയിക്കുകയും ചെയ്തു. ഇതിലപ്പുറം ഒരിക്കലും ഒരു മുസ്‌ലിമിന് പറയാനാവില്ല. മറിച്ചൊരു വ്യാഖ്യാനമോ പ്രസ്താവനയോ അഭിപ്രായമോ ഹാറുൻ യഹ്‌യ രചിച്ച പുസ്തകത്തിലോ ലേഖനത്തിലോ ഇല്ല. മഹ്ദി ഒരിക്കലും ഒരു പ്രവാചകനല്ല. മഹ്ദിയെ കുറിക്കാൻ 'മെസ്സഞ്ചർ' എന്ന വാക്കുപയോഗിച്ചതാണ് തെറ്റിദ്ധാരണക്കിടയാക്കിയതെന്ന് തോന്നുന്നു.''

ഇമെയിൽ സന്ദേശത്തിന്റെ പൂർണ രൂപം:

Assalamu alaikom Dear Brother …Zuhair

I am very surprised to receive such a message. I see that there is a huge misunderstanding. Muslims should look one another with husn-zann.This false accusation is based on wrong premises and it already has a very reasonable and true and open explanation, which is as below.

'Our Prophet Mohammad (saas) is the last prophet. Allah informs us about this in the Quran as well (Surah Ahzab, 40). It is not possible to tell otherwise for a muslim. There is no such explanation, comment or opinion in any of the books or articles by Harun Yahya. Harun Yahya is very sincere and devoted about the Quran and Sunnah, and he gives great importance that all his books are in accordance with the Quran and Sunnah principles. Mahdi is not Prophet. Mahdi calls all men to Islam and Mahdi is a messenger of Allah who communicates Islam. This issue that you mention may be due to a misunderstanding about "messenger."-


**സുഹൈറലി തിരുവിഴാംകുന്ന്**

## ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ നിലപാട്

**എൻ.ഡി.എഫിനോടുള്ള** ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ നിലപാടാണ് സീതിയുടെ തൂലികയിലൂടെ (ലക്കം 45) ആവിഷ്കൃതമായിരിക്കുന്നത്. ജമാഅത്തുകാർ എൻ.ഡി.എഫ് വിഷയത്തിൽ എന്തൊക്കെയോ ഒളിച്ചുകളി നടത്തുന്നുവെന്നാണ് പലരുടെയും ആരോപണം. മത-മതേതര വൃത്തങ്ങളിൽനിന്ന് നിരന്തരം ഈ ആരോപണം ഉയർന്നുവരാറുമുണ്ട്. ഈ ആരോപണത്തിൽ കുടുങ്ങി, നാട്ടിൻ പുറങ്ങളിലെ വഅള് പരമ്പരകളിലും മറ്റും അത് ആവർത്തിച്ചുകൊണ്ടിരിക്കുന്നു. കപട മതേതര ബുദ്ധിജീവികളാകട്ടെ എൻ.ഡി.എഫിന്റെ പേറ്റന്റ് മൗദൂദിയിൽ കണ്ടെത്താൻ ശ്രമിച്ച് ആരോപണത്തിന് കൊഴുപ്പേകുകയും ചെയ്യുന്നു. ഇക്കൂട്ടർക്കൊക്കെയുള്ള കുറിക്കു കൊള്ളുന്ന മറുപടിയാണ് സീതിയുടെ ലേഖനം.

വാസ്തവത്തിൽ ഇസ്‌ലാമിക പ്രസ്ഥാനം എൻ.ഡി.എഫ് വിഷയത്തിൽ ഒന്നും ഒളിച്ചുവെച്ചിട്ടില്ല. ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ഇതഃപര്യന്തമുള്ള ചരിത്രം അതാണ് സ്പഷ്ടമാക്കുന്നത്. എൻ.ഡി.എഫ് പുലർത്തുന്ന തീവ്രവാദശൈലി ഇസ്‌ലാമികമല്ലെന്ന് ഇസ്‌ലാമിക പ്രസ്ഥാനം അർഥശങ്കക്കിടയില്ലാത്തവിധം വ്യക്തമാക്കിയിട്ടുണ്ട്. ഇസ്‌ലാമിന്റെ ദാർശനിക സ്രോതസ്സുകളായ ഖുർആനിൽനിന്നും തിരുചര്യയിൽനിന്നും തീവ്രവാദത്തിന് യാതൊരു പിൻബലവും ലഭിക്കുകയില്ല. തീവ്രനിലപാടുകൾക്ക് അംഗീകാരം തേടിയെത്തിയ ഒരുപറ്റം യുവാക്കളെ നിരുത്സാഹപ്പെടുത്തി തിരിച്ചയക്കുകയാണ് സയ്യിദ് മൗദൂദി ചെയ്തത്. ഈ നിലപാട് ഇസ്‌ലാമിക പ്രസ്ഥാനം ഇന്നും തുടർന്നുപോരുന്നു.

**വി.പി ഇസ്മാഈൽ കൊടുവള്ളി**




## ആവേശം പകരുന്ന പര്യടനങ്ങൾ

**സിസ്റ്റർ** യിവോൺ റിഡ്‌ലിയുടെയും ശൈഖ് റാശിദുൽ ഗനൂശിയുടെയും കേരള സന്ദർശന റിപ്പോർട്ടുകൾ ഇസ്‌ലാമിക പ്രവർത്തകർക്ക് ഊർജം പകരുന്നതായിരുന്നു.

ഇന്ന് നാം കണ്ടുകൊണ്ടിരിക്കുന്നത് ഫലസ്ത്വീൻ മുന്നേറ്റങ്ങളെ യാങ്കീ ഭീകരത വേട്ടയാടുന്നതും അഫ്ഗാന്റെയും ഇറാഖിന്റെയും മണ്ണിൽ സാമ്രാജ്യത്വം ചുടലനൃത്തം ചവിട്ടുന്നതും തൊട്ട് സാമ്രാജ്യത്വ കഴുകക്കണ്ണുകൾ ഇറാന്റെ മണ്ണിലേക്ക് നോട്ടമിട്ടിരിക്കുന്നതുമാണ്. ഭരണ ഭീകരതയും കൂട്ടിനുണ്ട്, ഇഖ്‌വാനെപ്പോലുള്ള ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ തകർക്കാൻ. ഈ സംഭവപരമ്പരകൾക്ക് ശത്രു വിജയിച്ച് മുന്നേറുകയാണെന്ന പ്രതീതി സൃഷ്ടിക്കാൻ കഴിയുന്നുണ്ട്. അന്തിമ വിജയം ഇസ്‌ലാമിനാണെന്നും ആ വിജയത്തിലേക്ക് ഇസ്‌ലാം നടന്നടുക്കുകയാണെന്നും ശത്രുക്കളുടെ കോപ്പുകൾ വളരെ ശുഷ്കമാണെന്നും ഈ നേതാക്കൾ നമ്മെ സമാശ്വസിപ്പിക്കുന്നു. ഇതര സമുദായ സംഘടനകൾ ഈ 'വിജയത്തിന്റെ റിപ്പോർട്ടുകൾ' തങ്ങളുടെ പ്രവർത്തകർക്ക് ഊർജം പകരുന്നതിനായി ഉപയോഗിക്കുന്നു എന്നുള്ളതും സന്തോഷകരമാണ്.

**ടി.എ റസാഖ്**
**എടവനക്കാട്**

# ചുരുക്കെഴുത്ത്

'**നന്മയുടെ** വറ്റാത്ത ഉറവകൾ' (ലക്കം 46) ഹൃദയത്തിൽ തട്ടുന്നതായി. മാതൃകാ യോഗ്യനും ഞാൻ പിതാവിന് തുല്യം ബഹുമാനിക്കുകയും ചെയ്യുന്ന വ്യക്തിയാണ് ഹാറൂൻ സാഹിബ്. ശരീരം തളർന്നുവെങ്കിലും അദ്ദേഹത്തിന്റെ മനസ്സ് തളർന്നിരുന്നില്ല. രോഗശയ്യയിലായിരുന്ന അദ്ദേഹത്തെ കാണാൻ ചെന്നപ്പോൾ വിവാഹമോചിതയായ ഈയുള്ളവളെ ആശ്വസിപ്പിക്കുകയായിരുന്നു. എല്ലാം നല്ലതിനാണെന്നും പരീക്ഷണമാണെന്നും ക്ഷമ കൈക്കൊള്ളണമെന്നും.... അദ്ദേഹത്തിന്റെ ഭാര്യ വീട്ടുകാര്യങ്ങൾക്കൊപ്പം പ്രസ്ഥാന കാര്യങ്ങൾക്കും നേതൃത്വം നൽകുന്നു. ഒരു മാതൃകാ പ്രാസ്ഥാനിക കുടുംബജീവിതം.

**ബിൻത് മുഹമ്മദ്**
**ആമിനാഘർ, കുഴിക്കുന്ന്**

## മൂർച്ചയുള്ള ചോദ്യങ്ങൾ

'**തിന്മ** തിമർത്താടുമ്പോൾ നേതാക്കളേ നിങ്ങൾ എന്തെടുക്കുകയാണ്' എന്ന ഡോ. കൂട്ടിൽ മുഹമ്മദലിയുടെ ലേഖന(ലക്കം 44)മാണ് ഈ കുറിപ്പെഴുതാൻ പ്രേരണ. സാമൂഹിക തിന്മകൾക്ക് നേരെ ലേഖകൻ വികാരഭരിതനായി വിരൽചൂണ്ടുകയാണ്. എല്ലാം കൺമുമ്പിൽ കാണുന്ന നഗ്നസത്യങ്ങൾ. മത സംഘടനകളോട്, രാഷ്ട്രീയ നേതാക്കളോട്, ഭരണകർത്താക്കളോട്, ഗുരുനാഥന്മാരോട്, മാതാപിതാക്കളോട് ലേഖകൻ ചോദിക്കുന്ന ചോദ്യങ്ങൾ അവരുടെ ഹൃദയങ്ങളിൽ ആഞ്ഞു തറക്കുന്നതാണ്. അത്രക്ക് മൂർച്ചയുണ്ട് ആ ചോദ്യങ്ങൾക്ക്. തിന്മ തടയാനും നന്മ കൽപിക്കാനും തെരഞ്ഞെടുക്കപ്പെട്ട 'ഖൈറു ഉമ്മത്തിന്' നിഷ്ക്രിയരായി നോക്കിനിൽക്കാൻ എങ്ങനെ സാധിക്കും? 5000 രൂപ ചോദിച്ചത് കിട്ടാതെ വന്നപ്പോൾ സ്വന്തം തൊഴിലുടമയെ നിഷ്ഠുരമായി കൊല ചെയ്തതിന്റെ പേരിൽ വധശിക്ഷക്ക് വിധിക്കപ്പെട്ട 19 വയസ്സുകാരൻ, സ്വന്തം ഭാര്യയെ അനാശാസ്യത്തിന് വഴങ്ങാത്തതിന് തീ കൊളുത്തി കൊല്ലാൻ ശ്രമിച്ച ഭർത്താവ്, സിനിമാ സ്റ്റൈലിൽ കൊള്ളയും കൊലയും നടത്തുന്ന യുവാക്കൾ, പട്ടാപ്പകൽ യാത്രക്കാരെ തടഞ്ഞുനിർത്തി പണം തട്ടിയെടുക്കുന്നവർ, സ്വന്തം മാതാവിനെ നടുറോഡിൽ വെട്ടിക്കൊല്ലുന്ന മകൻ, ഏറ്റവും ഒടുവിൽ മദ്റസാ വിദ്യാർഥിനികളുടെ ആഭരണങ്ങളുമായി കടന്നുകളഞ്ഞ അധ്യാപകൻ- ഇതെല്ലാം എങ്ങനെ സംഭവിക്കുന്നു? മതപണ്ഡിതന്മാരും മഹല്ല് ഭാരവാഹികളും സാംസ്കാരിക നായകന്മാരും ചിന്തിക്കുക.

**ഉമ്മു സക്കീർ**

## പ്രശംസിക്കപ്പെടുന്ന ഇസ്‌ലാമിക സാമ്പത്തിക വ്യവസ്ഥ

**ബ്രിട്ടൻ** പോലുള്ള ഒരാധുനിക രാഷ്ട്രത്തിൽ ഇസ്‌ലാമിക ശരീഅത്തിലെ നിയമങ്ങൾ നടപ്പിലാക്കണമെന്ന കാന്റർബറി ആർച്ച് ബിഷപ്പ് റോവൻ വില്യംസിന്റെ പ്രഖ്യാപനം, കാലഘട്ടത്തിന്റെ മാറിവരുന്ന മുഖങ്ങളോട് സംവദിക്കാൻ പ്രാപ്തമായ ഏകജീവിത ദർശനം ഇസ്‌ലാം മാത്രമാണെന്ന ബർണാഡ്ഷായുടെ നിരീക്ഷണത്തെ ശരിവെക്കുകയാണ്. പലിശരഹിത ഇസ്‌ലാമിക് ബാങ്കിംഗ് ബ്രിട്ടനിൽ വിജയകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോഴാണ് ശരീഅത്തിന്റെ മറ്റുചില നിയമങ്ങളും അവിടെ പ്രാവർത്തികമാക്കിക്കൂടേ എന്ന് ബിഷപ്പ് നിർദേശിക്കുന്നത്.

ഈ നിർദേശത്തിനെതിരെ കടുത്ത വിമർശനങ്ങളുയർന്നുവെങ്കിലും ബിഷപ്പ് തന്റെ സുചിന്തിതമായ അഭിപ്രായത്തിൽ ഉറച്ചു നിന്നത്, പ്രായോഗികമെന്ന് തനിക്ക് ബോധ്യപ്പെട്ട ശരീഅത്ത് നിയമത്തോടുള്ള ആഭിമുഖ്യം കൊണ്ടാവാനേ വഴിയുള്ളൂ. ചൂഷണഭരിതമായ പലിശയെ മുച്ചൂടും നിരാകരിക്കുകയും ഉള്ളവന്റെ സ്വത്തിൽ ഇല്ലാത്തവന് നിശ്ചിതമായ അവകാശം പ്രഖ്യാപിക്കുകയും ചെയ്യുന്ന ഇസ്‌ലാമിന്റെ സാമ്പത്തിക വ്യവസ്ഥ ഏറെ വിപ്ലവകരമാണെന്ന് ഇതുപോലെ ഒട്ടനവധി പ്രമുഖർ നിരീക്ഷിച്ചതായി കാണാവുന്നതാണ്.

'ആഗോളവൽക്കരണത്തിന് അടിസ്ഥാന വർഗത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാനാവാതെ വന്ന സാഹചര്യത്തിൽ ഇസ്‌ലാമിക സാമ്പത്തിക വ്യവസ്ഥയെക്കുറിച്ച ചർച്ച ഏറെ പ്രസക്തമാണ്' എന്ന് മന്ത്രി പാലൊളി മുഹമ്മദ് കുട്ടിയും (*മനോരമ* 20.04.'08) 'സമ്പത്തിന്റെ ഉടമസ്ഥാവകാശം ദൈവത്തിൽ നിക്ഷിപ്തമാക്കുക വഴി സാമൂഹിക നീതി ഉറപ്പുവരുത്താൻ നിർദേശങ്ങൾ മുന്നോട്ടുവെച്ച ഇസ്‌ലാമിലെ പലിശ രഹിത സമ്പദ്‌വ്യവസ്ഥയുടെ പ്രയോഗവൽക്കരണത്തെക്കുറിച്ച് ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങൾ ആലോചിച്ചു തുടങ്ങിയിട്ടുണ്ട് എന്ന് കോൺഗ്രസ് നേതാവ് എം.ഐ ഷാനവാസും (*മനോരമ* 20.04.'08) എസ്.വൈ.എസ് മഞ്ചേരിയിൽ സംഘടിപ്പിച്ച 'ഇസ്‌ലാമിക വ്യവസ്ഥിതി ഇന്ത്യൻ സാഹചര്യത്തിൽ' എന്ന സിമ്പോസിയത്തിൽ തുറന്നു പറഞ്ഞത് ഏറെ ചിന്തനീയമല്ലേ?

കാന്തപുരം അബൂബക്കർ മുസ്‌ലിയാർ ഒരുപടി കൂടി കടന്ന് 'ഇസ്‌ലാമിക സമ്പദ്‌വ്യവസ്ഥ നടപ്പാക്കാത്തതാണ് രാജ്യം ഇന്ന് അഭിമുഖീകരിക്കുന്ന വിലക്കയറ്റത്തിന് കാരണം' എന്നുകൂടി വിലയിരുത്തുകയുണ്ടായി (*മാധ്യമം* 21.04.'08). ഇസ്‌ലാമിന്റെ സാമ്പത്തിക-സാമൂഹിക-രാഷ്ട്രീയ വ്യവസ്ഥയുടെ പ്രയോഗവൽക്കരണത്തെക്കുറിച്ച് ഉറക്കെ ചിന്തിക്കാൻ സമയമായെന്ന് ജമാഅത്തെ ഇസ്‌ലാമിയെ പോലുള്ള ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ വിളിച്ചുപറയുമ്പോൾ, അത് മതരാഷ്ട്രവാദമെന്ന് പറഞ്ഞ് കല്ലെറിയുന്നവർക്ക് തങ്ങളുടെ ആരോപണങ്ങളിലെ യുക്തിഭംഗം എന്നാണിനി പിടികിട്ടുക!

**റഹ്‌മാൻ മധുരക്കുഴി**